# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 27<br>JULY 27 | 2018 |
|---|---|

***1193 കർക്കിടകം 11 വെള്ളി***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം**

പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, വേഡ് പ്രോസസിംഗ് & ഡേററാ എൻട്രി എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കംപ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ് (3മാസം) ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ & നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ലാപ്ടോപ്പ് ടെക്നോളജീസ്, നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ ആന്റ് ലിനക്സ് എന്നീ അഡ്വാൻസ്ഡ് കോഴ്സുകളി ലേയ്ക്കും അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഓഗസ്റ്റ് ആറ്. കൂടുതൽ വിവരം കെൽട്രോൺ നോളെഡ്ജ് സെന്റർ, ഗവ. ഐ.ടി.ഐ, ചെന്നീർക്കര,പത്ത നംതിട്ട എന്ന വിലാസത്തിൽ ലഭിക്കും. ഫോൺ: 8606139232/8075759481.

(പിഎൻപി 2090/18)

**സ്വച്ഛ് ഭാരത് ജില്ലാതല അവാർഡ്**

ഭാരത സർക്കാരിന്റെ യുവജനകാര്യ കായിക മന്ത്രാലയം നെഹ്രു യുവകേന്ദ്ര സ്വച്ഛ് ഭാരത് സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാം 2018ന്റെ ഭാഗമായി മെയ് ഒന്ന് മുതൽ ജൂലൈ 31 വരെ 100 മണിക്കൂർ വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനം ചെയ്തതിന്റെ അടിസ്ഥാനത്തി ൽ അവാർഡ് നൽകുന്നു. 2018 ജൂലൈ 15 വരെ സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്തവർക്ക് അപേക്ഷിക്കാം. ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് 30000, 20000, 10000 രൂപ വീതം ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് എട്ട്. അപേക്ഷാഫോറവും കൂടുതൽ വിവരവും കളക്ടറേറ്റിന്

സമീപം പ്രവർത്തിക്കുന്ന ജില്ലാ നെഹ്രു യുവകേന്ദ്ര ഓഫീസിൽ ലഭിക്കും. ഫോൺ: 0468 2223640. (പിഎൻപി 2091/18)

## പി.എസ്.സി അഭിമുഖം

ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ യു.പി സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) (കാറ്റഗറി നമ്പർ 386/14) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട 349 ഉദ്യോഗാർഥികൾക്ക് ആഗസ്റ്റ് ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ അഭിമുഖം നടത്തും. ഇതു സംബന്ധിച്ച അറിയിപ്പ് ലഭിക്കാത്തവർ ജില്ലാ പി.എസ്.സി ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0468 2222665. (പിഎൻപി 2092/18)

## ലഹരിക്കെതിരെ ഫൺ റണ്ണുമായി എക്സൈസ് വകുപ്പ്

ജീവിതമാണ് ലഹരിയെന്നും ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ കൂട്ടായ പ്രവർത്തനം നടത്തണമെന്നും ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയും പത്തനംതിട്ട സബ്ജഡ്ജുമായ ആർ. ജയകൃഷ്ണൻ പറഞ്ഞു. ആഗസ്റ്റ് 12 ന് എറണാകുളത്ത് നടക്കുന്ന കൊച്ചിൻ മൺസൂൺ മാരത്തണിന്റെ പ്രചരാണർഥം പത്തനംതിട്ട എക്സൈസ് ഡിവിഷന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും വിവിധ സ്കൂളുകളുടെയും സഹകരണത്തോടെ സംഘടിപ്പിച്ച ഫൺ റൺ കൂട്ടയോട്ടം പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ ഫ്ളാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലഹരിക്കെതിരെ സമൂഹം ഒറ്റക്കെട്ടായി നിലകൊള്ളണമെന്നും സമൂഹത്തെ കാർന്ന് തിന്നുന്ന ലഹരി വിപത്തിനെ തടയിടുക എന്ന ലക്ഷ്യത്തോടെ എക്സൈസ് വകുപ്പ് നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു.

ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ കെ.ചന്ദ്രപാലൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ എം.ബി സത്യൻ, കോന്നിയൂർ പി.കെ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.അനിൽ കുമാർ ജില്ലയിലെ വിവിധ സ്കൂളുകളിലെ കുട്ടികൾ, റോളർ സ്കേറ്റിംഗ് വിഭാഗം, എക്സൈസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ നൂറുകണക്കിനാളുകൾ പങ്കെടുത്തു.

(പിഎൻപി 2093/18)

## അഭിമുഖം 31ന്

ഭൂജലവകുപ്പ് പത്തനംതിട്ട ജില്ലാ ഓഫീസിൽ കാഷ്വൽ തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിനായി 30ന് നടത്താനിരുന്ന അഭിമുഖം 31ലേക്ക് മാറ്റിയതായി ജില്ലാ ഓഫീസർ അറിയിച്ചു. (പിഎൻപി 2094/18)

## മഴക്കെടുതി റിപ്പോർട്ടിംഗിനിടെ മരിച്ച മാധ്യമപ്രവർത്തകരുടെ കുടുംബങ്ങൾക്ക് മീഡിയ അക്കാദമിയുടെ ധനസഹായം

വെള്ളപ്പൊക്ക ദുരിതം പകർത്തുന്നതിനിടെ മുങ്ങിമരിച്ച മാധ്യമപവർത്തകരായ കടുത്തുരുത്തി പൂഴിക്കോൽ പട്ടശ്ശേരിൽ കെ.കെ.സജി, ബിപിൻ ബാബു എന്നിവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് കേരള മീഡിയ അക്കാദമി എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. തിരുവനന്തപുരത്ത് നടന്ന യോഗത്തിൽ അക്കാദമി ചെയർമാൻ ആർ.എസ്.ബാബു അധ്യക്ഷത വഹിച്ചു. ഐ&പി.ആർ.ഡി ഡയറക്ടർ ടി.വി.സുഭാഷ്, അക്കാദമി സെക്രട്ടറി കെ.ജി.സന്തോഷ് കമ്മറ്റിയംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2095/18)

## ജില്ലയിലെ 25 തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതി അംഗീകരിച്ചു

ജില്ലയിലെ 25 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വാര്‍ഷിക പദ്ധതി ഭേദഗതി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂര്‍ണാദേവിയുടെ അധ്യക്ഷതയില്‍ ചേര്‍ന്ന ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകരിച്ചു. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, പന്തളം നഗരസഭ, ബ്ലോക്ക് പഞ്ചായത്തുകളായ മല്ലപ്പള്ളി, പറക്കോട്, കോന്നി, ഗ്രാമപഞ്ചായത്തുകളായ ചെന്നീര്‍ക്കര, ഇലന്തൂര്‍, ഇരവിപേരൂര്‍, എഴുമറ്റൂര്‍, കടമ്പനാട്, കോയിപ്രം, മല്ലപ്പള്ളി, മല്ലപ്പുഴശേരി, മൈലപ്ര, നാറാണംമൂഴി, പന്തളം തെക്കേക്കര, പ്രമാടം, റാന്നി അങ്ങാടി, തോട്ടപ്പുഴശേരി, വടശേരിക്കര, ഏനാദിമംഗലം, കവിയൂര്‍, നാരങ്ങാനം, നെടുമ്പ്രം എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാര്‍ഷിക പദ്ധതി ഭേദഗതിക്കാണ് അംഗീകാരം ലഭിച്ചത്. കൊടുമണ്‍ ഗ്രാമ പഞ്ചായത്ത് വാര്‍ഷിക പദ്ധതി ഭേദഗതി കൂടാതെ ഡിപിസിക്ക് സമര്‍പ്പിച്ചു.

സംയുക്ത പദ്ധതികള്‍ക്ക് ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ആവശ്യമുള്ള തദ്ദേശസ്ഥാപനങ്ങള്‍ ഇക്കാര്യം ഉടന്‍ അറിയിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. പദ്ധതി തുക ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിക്കുന്നെന്ന് തദ്ദേശസ്ഥാപന അധ്യക്ഷന്മാരും നിര്‍വഹണ ഉദ്യോഗസ്ഥരും ഉറപ്പാക്കണം. വാര്‍ഷിക പദ്ധതിയില്‍ ഗെയിംസിന് തുക വകയിരുത്താത്ത 13 തദ്ദേശസ്ഥാപനങ്ങളുണ്ട്. വാര്‍ഷിക പദ്ധതി ഭേദഗതിയില്‍ ഇത് ഉള്‍പ്പെടുത്തുന്നതിന് ഈ തദ്ദേശസ്ഥാപനങ്ങള്‍ ശ്രദ്ധിക്കണം. സ്പില്‍ ഓവര്‍ പദ്ധതികളുടെ കണക്ക് ക്രമീകരിച്ച് ഡിപിസിക്ക് സമര്‍പ്പിക്കാത്ത തദ്ദേശസ്ഥാപനങ്ങള്‍ ഇതിനാവശ്യമായ നടപടി എത്രയും വേഗം സ്വീകരിക്കണം. യുവജനക്ഷേമ ബോര്‍ഡിന്റെ യൂത്ത് കോ-ഓര്‍ഡിനേറ്റര്‍മാര്‍ ഫലപ്രദമായി പ്രവര്‍ത്തിക്കാതിരിക്കുകയോ, ആളില്ലാതിരിക്കുകയോ ചെയ്യുന്ന സ്ഥലങ്ങളില്‍ എത്രയും വേഗം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൂടി പകരം ആളെ തീരുമാനിക്കുകയും ഈ വിവരം ജില്ലാ പ്ലാനിംഗ് ഓഫീസിലും ജില്ലാ യുവജനക്ഷേമ ഓഫീസിലും അറിയിക്കണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. ജില്ലാ ആസൂത്രണ സമിതി അംഗങ്ങളായ എലിസബത്ത് അബു, ബിനി ലാല്‍, തദ്ദേശസ്ഥാപന അധ്യക്ഷന്മാര്‍, നിര്‍വഹണ ഉദ്യോഗസ്ഥര്‍, ജില്ലാ പ്ലാനിംഗ് ഓഫീസര്‍ എന്‍. സോമസുന്ദരലാല്‍ തുടങ്ങിയവര്‍ യോഗത്തില്‍ പങ്കെടുത്തു. (പിഎന്‍പി 2096/18)

## ഏഴ് ദുരിതാശ്വാസ ക്യാമ്പുകള്‍

മഴക്കെടുതിയുമായി ബന്ധപ്പെട്ട് ജില്ലയില്‍ ഏഴ് ദുരിതാശ്വാസ ക്യാമ്പുകള്‍ പ്രവര്‍ത്തിക്കുന്നു. തിരുവല്ല താലൂക്കില്‍ അഞ്ചും കോഴഞ്ചേരിയില്‍ രണ്ടും ക്യാമ്പുകളാണുള്ളത്. 329 കുടുംബങ്ങളിലെ 1211 പേര്‍ ഏഴ് ക്യാമ്പുകളിലായി കഴിയുന്നു.

(പിഎന്‍പി 2097/18)

## ഫോട്ടോ അടിക്കുറിപ്പ്

1) എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതിയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ഫണ്‍ റണ്‍ കൂട്ടയോട്ടം സെന്റ് പീറ്റേഴ്സ് ജംഗ്ഷനില്‍ പത്തനംതിട്ട സബ്ജഡ്ജ് ആര്‍. ജയകൃഷ്ണന്‍ ഫ്ളാഗ് ഓഫ് ചെയ്യുന്നു.




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 27<br>JULY 27 | 2018 |
|---|---|

*1193 കർക്കിടകം 11 വെള്ളി*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**സഹകരണ മേഖലയുടെ സാമൂഹിക ഇടപെടൽ ശക്തമാക്കണം – മന്ത്രി കടന്നപ്പള്ളി**

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസായ സഹകരണ മേഖലയുടെ സാമൂഹികമായ ഇടപെടൽ ശക്തിപ്പെടുത്തണമെന്ന് തുറമുഖ-മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. അടൂർ സർവീസ് സഹകരണബാങ്കിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സഹകരണ മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ വമ്പിച്ച പ്രാധാന്യമാണ് നൽകുന്നത്. നോട്ട് നിരോധത്തിന്റെ കാലത്ത് പോലും സംസ്ഥാനത്തെ സാമ്പത്തിക സുരക്ഷിതമായി പിടിച്ചുനിർത്തിയത് സഹകരണമേഖലയാണ്. ഇതിനെ തകർക്കുവാൻ വിവിധ കോണിൽ നിന്നും ആസൂത്രിതമായ നീക്കങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ സമയോചിതമായ ഇടപെടൽ മൂലം സഹകരണ മേഖല കൂടുതൽ ശക്തിപ്പെടുകയാണുണ്ടായത്. ഇന്ന് സഹകരണമേഖല സമൂഹത്തിന്റെ നാനാ തുറകളിലും അതിന്റെ സേവനവും സാന്നിധ്യവും അറിയിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിച്ചു. സ്ട്രോംഗ് റൂമിന്റെ ഉദ്ഘാടനം അടൂർ നഗരസഭാധ്യക്ഷ ഷൈനി ജോസ് നിർവഹിച്ചു. വായ്പാമേളയുടെ ഉദ്ഘാടനം ആർ.ഉണ്ണികൃഷ്ണപിള്ള എക്സ് എംഎൽഎ നിർവഹിച്ചു. സഹകരണ സംഘം പ്രസിഡന്റ് പി.ആർ.മന്മഥൻ നായർ, സംഘം വൈസ്പ്രസിഡന്റ് രാജൻ അനശ്വര, സെക്രട്ടറി പി.രവീന്ദ്രൻ, രാഷ്ട്രീയപാർട്ടി പ്രതിനിധികളായ പി.ബി.ഹർഷകുമാർ, റ്റി.ഡി.ബൈജു,

അഡ്വ.എസ്.മനോജ്, ഡി.സജി, മുണ്ടയ്ക്കൽ ശ്രീകുമാർ, അഡ്വ.മണ്ണടി അനിൽ, ആർ.സനൽകുമാർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2098/18)

## ഇരവിപേരൂർ പഞ്ചായത്ത് പ്രദേശം ജൈവസാംസ്കാരിക വൈവിധ്യപാർക്കായി മാറും

ചരിത്രവും പാരമ്പര്യവും ആധുനികതയും സമന്വയിപ്പിച്ച് പഞ്ചായത്ത് പ്രദേശം ജൈവ സാംസ്കാരിക വൈവിധ്യ പാർക്കായി മാറ്റാൻ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി. ആദി പമ്പ വരട്ടാർ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വള്ളംകുളം ഗ്രാമവിജ്ഞാന കേന്ദ്രത്തിൽ നടന്ന പദ്ധതി രൂപീകരണ ശില്പശാലയിലാണ് ഇത് സംബന്ധിച്ച വിശദാംശങ്ങൾ അവതരിപ്പിച്ചത്. പഞ്ചായത്ത് നടപ്പാക്കുന്ന കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായിട്ടായിരിക്കും ജൈവ സാംസ്കാരിക വൈവിധ്യ പാർക്ക് ആക്കി മാറ്റുക.

പഞ്ചായത്തിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സർവേ നടത്തും. ആദി പമ്പ വരട്ടാർ തീരത്ത് നിർമിക്കുന്ന ജൈവ സാംസ്കാരിക വൈവിധ്യ പാർക്കിന്റെ ഭാഗമായി ജില്ലയുടെ ഐതിഹ്യവും ചരിത്രവും കാർഷിക പാരമ്പര്യവും സമന്വയിപ്പിച്ച് മ്യൂസിയവും ഒരുക്കും. പരിസ്ഥിതി സംരക്ഷണം മുൻനിർത്തി നാടൻ സസ്യങ്ങളും വൃക്ഷങ്ങളും വച്ചുപിടിപ്പിക്കും. പൂമ്പാറ്റ, തേനീച്ച എന്നിവയെ ആകർഷിക്കാനായി പൂന്തോട്ടവും നാടൻ ഫലവൃക്ഷ തോട്ടവും ക്രമീകരിക്കും. വരട്ടാർ തീരത്തെ വെള്ളപ്പൊക്ക ഭീഷണി സാധ്യതകൾ കണക്കിലെടുത്താകും പാർക്കിന്റെ നിർമാണം.

വരട്ടാറിന്റെ സമീപത്ത് താമസിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ നിർമിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിന് കൂടി പാർക്കിന്റെ വരവ് സഹായിക്കും. ഒപ്പം പുതു തലമുറയ്ക്ക് പ്രകൃതിയെ പഠിക്കാനുള്ള പാഠശാലയായി ഇരവിപേരൂർ ജൈവ സാംസ്കാരിക പാർക്ക് മാറണമെന്ന് ശിൽപ്പശാലയിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. ആനന്ദവും ആദായവും ഒരുമിപ്പിച്ച് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിലേക്കുള്ള ആദ്യപടി കാർബൺ ന്യൂട്രൽ പദ്ധതിയിലുള്ള ജൈവ സാംസ്കാരിക വൈവിധ്യ പാർക്കിലൂടെ ലക്ഷ്യമിടുകയാണ് പഞ്ചായത്ത്. ഇതിന്റെ ഭാഗമായി സ്കൂളുകളിൽ ജൈവപരിപാലന സമിതികൾ രൂപീകരിക്കും. ഗ്രാമപഞ്ചായത്തിനെ വൈദ്യുതി സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതിയും ഫിലമെന്റ്ലെസ് പഞ്ചായത്ത് പദ്ധതിയും ഇതുമായി സംയോജിപ്പിക്കും.

പഞ്ചായത്ത് പ്രസിഡന്റ് ഗീതാ അനിൽകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് അഡ്വ. എൻ.രാജീവ് വിഷയാവതരണം നടത്തി. സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ വി.രമാദേവി, ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ.രാജേഷ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധി ഡോ.വി.ബി ശ്രീകുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അസിസ്റ്റന്റ് എൻജനീയർ വി.പ്രവീൺ, സോഷ്യൽ ഫോറസ്റ്റ് ഓഫീസർ ടി.എസ് ദിലീപ് , ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ സ്വപ്നാ ദാസ്, ഡോ കെ.രാജു തോമസ് , ഡോ.ജേക്കബ് തോമസ്, ഡോ. അഭിലാഷ്, ജനകീയാസൂത്രണം ജില്ലാ കോ-ഓർഡിനേറ്റർ എം.കെ.വാസു, പഞ്ചായത്ത് സെക്രട്ടറി എസ്.സുജാകുമാരി, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. വിശദമായ മാസ്റ്റർ പ്ലാൻ രൂപീകരണ ശില്പശാല ആഗസ്റ്റ് എട്ട്, ഒമ്പത് തീയതികളിൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിൽ നടക്കും.

(പിഎൻപി 2099/18)

## പച്ചക്കറി തൈകൾ

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി വിവിധയിനം പച്ചക്കറി തൈകൾ സൗജന്യവിതര ണത്തിനായി ഇലന്തൂർ കൃഷിഭവനിൽ എത്തി. ആവശ്യമുള്ളവർ കരം അടച്ച രസീതിന്റെ പകർപ്പുമായി കൃഷിഭവനിൽ എത്തണമെന്ന് കൃഷി ഓഫീസർ അറിയിച്ചു. (പിഎൻപി 2100/18)

## പനി: 349 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (27) 349 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. നാല് പേർക്ക് ചിക്കൻപോക്സ് സ്ഥിരീകരിച്ചിട്ടുണ്ട്. വയറിളക്ക രോഗങ്ങൾക്ക് 46 പേർ ചികിത്സ തേടി.

(പിഎൻപി 2101/18)

## പി.എസ്.സി ഇ–ഓഫീസ് ഉദ്ഘാടനം ചെയ്തു

ഉദ്യോഗാർത്ഥികൾക്ക് സൗഹൃദാന്തരീക്ഷമൊരുക്കി പി.എസ്.സിയുടെ ജില്ലയിലെ ഇ–ഓഫീസ് ഉദ്ഘാടനം ചെയ്തു. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ (എൻഐസി) സഹകരണത്തോടെ നടപ്പാക്കുന്ന ഇ–ഓഫീസ് പ്രവർത്തനത്തിന്റെ ഉദ്ഘാടനം കമ്മീഷനംഗം എം.കെ രഘുനാഥൻ നിർവഹിച്ചു. ഓൺലൈൻ സെന്ററുള്ള ഏക ജില്ല പത്തനംതിട്ടയാണെന്നും ഇ–ഓഫീസ് വരുന്നതോടെ ഓഫീസ് പൂർണമായും പേപ്പർ രഹിതമാകുമെന്നും അദ്ദേഹം പറഞ്ഞു. വിജ്ഞാപനം പുറപ്പെടുവിച്ചാൽ ഉടനെ തസ്തികകളിലേക്ക് ഉദ്യോഗാർഥികളെ തിരഞ്ഞെടുത്ത് നിയമനം നൽകുന്നതിന് മാരത്തോൺ പ്രവർത്തനങ്ങളാണ് കമ്മീഷൻ നടത്തി വരുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ പി.എസ്.സിയെ അപേക്ഷിച്ച് എല്ലാം ഫലപ്രദമായ രീതിയിൽ കേരള പി.എസ്.സി ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അഡീ.സെക്രട്ടറി ആർ.രാമകൃഷ്ണൻ അധ്യക്ഷനായിരുന്നു. ഇ–ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ച് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ആർ.മനോജ് വിശദീകരിച്ചു. ഫയൽ നീക്കത്തിൽ വേഗത, സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പ് വരുത്തുന്ന ഇ–ഓഫീസ് സോഫ്റ്റ്വെയർ എൻഐസിയാണ് വികസിപ്പിച്ചെടുത്തിട്ടുള്ളത്. ഫയലുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകും. ആറ് മാസത്തേക്ക് ഒരു സപ്പോർട്ട് എഞ്ചിനീയറുടെ സഹായവും ലഭ്യമാക്കും. കെ.പി.എസ്.സി ജില്ലാ ഓഫീസർ ജി. ജോയി, ജോയിന്റ് സെക്രട്ടറി എ.രവീന്ദ്രൻ നായർ, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫിസർ ജിജി ജോർജ്, അണ്ടർ സെക്രട്ടറി അൻവർ സാദത്ത്, പി.എസ്.സി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2102/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ആദി പമ്പ വരട്ടാർ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഇരവിപേരൂർ പഞ്ചായത്തിൽ നടപ്പാക്കുന്ന ജൈവ സാംസ്കാരിക വൈവിധ്യ പാർക്കിന്റെ പദ്ധതി രൂപീകരണ ശി ല്പശാലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീത അനിൽകുമാർ സംസാരിക്കുന്നു.
2) അടൂർ സർവീസ് സഹകരണബാങ്കിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം തുറമുഖ–മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവഹിക്കുന്നു.
3) ജില്ലാ പി.എസ്.സി ഓഫീസിലെ ഇ–ഓഫീസ് പ്രവർത്തനം കമ്മീഷനംഗം എം.കെ രഘുനാഥൻ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്